(സി) കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 6,74,17,200 രൂപ (ആറു കോടി എഴുപത്തിനാലു ലക്ഷത്തി പതിനേഴായിരത്തി ഇരുനൂറ് രൂപ മാത്രം)

(ബി) ക്ഷേമനിധി അംഗങ്ങളായി പിരിഞ്ഞവർക്ക് (26247 പേർക്ക്) 2002 ആഗസ്റ്റ് മാസം മുതൽ 2003 മേയ് മാസംവരെയുള്ള 10 മാസത്തേയ്ക്ക് 3,71,63,500 രൂപ കുടിശ്ശികയും ക്ഷേമനിധി അംഗങ്ങളല്ലാത്തവർക്ക് (12220 പേർക്ക്) 2001 നവംബർ മുതൽ 2003 മേയ് മാസം വരെയുള്ള 19 മാസത്തേയ്ക്ക് 3,02,53,700 രൂപ കുടിശ്ശികയും വിതരണം ചെയ്യാനുണ്ട്.

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്കുള്ള ആനുകൂല്യങ്ങൾ

44 (1236) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലയിലെ പ്രതിസന്ധിയെ തുടർന്ന് തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നു ;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടുന്നുണ്ട് ;

(സി) ഇതിനുവേണ്ടി ഈ വർഷം എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലേബർ വെൽഫയർ ഫണ്ടിൽ അംഗങ്ങളായ തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് ഹൈസ്ക്കൂൾ ഗ്രാന്റ്, യൂണിഫോം വാങ്ങുന്നതിനുള്ള സഹായം, ഹോസ്റ്റൽ ഫീസ്, ഉന്നതല വിദ്യാഭ്യാസത്തിനുള്ള ധനസഹായം എന്നിവ ലേബർ വെൽഫയർ ഫണ്ട് ബോർഡ് മുഖേന നൽകി വരുന്നു. കൂടാതെ തോട്ടം മേഖലയിലെ സ്കൂളുകളിൽ പഠിക്കുന്ന പത്താം സ്റ്റാൻന്റേർഡു വരെയുള്ള തോട്ടം തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഉച്ച ഭക്ഷണം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 415 കുട്ടികൾക്ക് ഹൈസ്കൂൾ ഗ്രാന്റും ഹൈസ്കൂൾതലത്തിനു മുകളിലുള്ള 64 കുട്ടികൾക്ക് ഉന്നതതല വിദ്യാഭ്യാസ ധനസഹായവും 1180 കുട്ടികൾക്ക് യൂണിഫോം, ഹോസ്റ്റൽ ഫീസ് എന്നിവയും നൽകിയിട്ടുണ്ട്.

(സി) 2003-04 സ്കൂൾ വർഷം ആരംഭിച്ചിട്ടേയുള്ളൂ എന്നതിനാൽ ഇതിനു വേണ്ടി എന്തു തുക ചെലവാകുമെന്ന് ഇപ്പോൾ കണക്കാക്കാൻ നിർവ്വാഹമില്ല. 2002-2003 സാമ്പത്തിക വർഷം 3,16,210 രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരുടെ എണ്ണം

45 (1237) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് 31 വരെ കേരളത്തിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്രയെന്ന് അറിയിക്കാമോ ;

(ബി) എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. എന്നീ യോഗ്യതകൾ ഉള്ള എത്ര ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-3-2003-ലെ കണക്ക് അനുസരിച്ച് കേരളത്തിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 62379 ആണ്.

(ബി)

എം.ബി.ബി.എസ്.	–	1265
ബി.എ.എം.എസ്.	–	1024
ബി.എച്ച്.എം.എസ്.	–	910

നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ

46 (1238) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഏതു തീയതി വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് സീനിയോറിറ്റി ആയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 75588 ആണ്.

LIBRARY ARCHIVES Kerala Legislative Assembly